ശ്രീ. പൊന്നറ ശ്രീധർ: ചോദ്യത്തിൽ ഇങ്ങനെ ഒരു സപ്ലിമെൻറി കപ്പ്യൻ വരുമെന്നറിയാവുന്നതല്ലേ?

ശ്രീ. കെ. ചന്ദ്രശേഖരൻ: ബാക്കിയുള്ളത് ഈ വർഷത്തിൽ മുഴുമിക്കാൻ സാധിക്കുമെന്നു പറഞ്ഞതു് എത്രയെണ്ണമെന്നറിയാതെയാണോ?

ശ്രീ. ടി. അബ്ദുറഹ്മാൻ: മുഴുമിക്കാൻ കഴിയുമെന്നു പറയാൻ എണ്ണം അറിയേണ്ട കാര്യമില്ല.

സ്ഥലസൗകര്യമില്ലാത്ത ഡിവിഷൻ ക്ലാസുകൾ.

✱ 1289. [4] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കുട്ടി ഒന്നിനു് 8 സ്ക്വയർ ഫീറും, ക്ലാസൊന്നിനു് 400 സ്ക്വയർ ഫീറും സ്ഥലസൗകര്യമില്ലാത്തിടത്തു് മാർച്ചു് 31–നു് ശേഷം ഡിവിഷൻ ക്ലാസുകൾ അനുവദിക്കുന്നതല്ലെന്ന നിർദ്ദേശം മാനേജ്മെൻറ് സ്കൂളുകളിൽ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോഴാണു് ഈ കല്പന അയച്ചതു്;

(സി) ഇതിൻറെ ഫലമായി സ്ഥലസൗകര്യമില്ലാത്തവർ ഡിവിഷൻ ക്ലാസുകൾ അടച്ചിടുന്നതിൻറെ ഫലമായി ടീച്ചർമാരെ പിരിച്ചുവിടാൻ ഇടവരുമോ; പിരിച്ചുവിടലിനു് വിധേയരാകുന്നവർക്കു് വെക്കേഷൻകാലത്തെ ശമ്പളവും തൊഴിലും നഷ്ടപ്പെടാതെ കഴിക്കാൻ മുൻകൂട്ടി നടപടികൾ എടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) അങ്ങനെ ഒരു പൊതു ഉത്തരവു പുറപ്പെടുവിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പ്രസ്സ് അക്രഡിറ്റേഷൻ കമ്മിറ്റി.

✱ 1290. [5] ശ്രീ. എം. ഗോപാലൻകുട്ടി നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ സ്റ്റേറിലെ പ്രസ്സ് അക്രഡിറ്റേഷൻ കമ്മിറ്റികളിൽ അതെല്ലാമാണു് പ്രാതിനിധ്യം കൊടുത്തിട്ടുള്ളതു്;

(ബി) ഈ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണു്;

(സി) ഈ കമ്മിറ്റിയെ പുനഃസംഘടിപ്പിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിൽ മലബാർ ഭാഗത്തു് പത്രലേഖകസംഘത്തിനു് പ്രാതിനിധ്യം കൊടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനെപ്പറ്റി പരിഗണിക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുറഹ്മാൻ):

(എ) ഈ സ്റ്റേറിലെ പ്രസ്സ് അക്രഡിറ്റേഷൻ കമ്മിറ്റിയിൽ കേരളത്തിലെ പത്രമുടമകൾക്കും പത്രലേഖക വിഭാഗത്തിനും തുല്യ പ്രാതിനിധ്യം കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly